അഞ്ചു കിലോമീറ്റർ റോഡും അതിൽ ഉൾപ്പെടും. ഇതു സംബന്ധിച്ച് അവരും എഴുതി തന്നിട്ടുണ്ട്. ചെയർ നിസ്സഹായനാണ്. അതുകൊണ്ട് ചെയറിനെ വിഷമിപ്പിക്കരുത്. മൂന്നു മണ്ഡലത്തിലുമുള്ള റോഡാണ്. ഞാൻ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇനിയെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾ സ്വയം ശ്രദ്ധിക്കണം. ഞങ്ങൾക്ക് ഇതെല്ലാം ശ്രദ്ധിക്കാൻ വളരെ പ്രയാസമുണ്ട്.

(7) ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ

ശ്രീ. തോമസ് ചാഴികാടൻ : സർ, സർ, ഇതിൽ ഒരു വിവാദത്തിന്റെ ആവശ്യമില്ല. കഴിഞ്ഞ നാലു വർഷമായി ടെൻഡർ ചെയ്ത റോഡാണ് ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡ്. മൂന്നു റീച്ചായി ടെൻഡർ ചെയ്തതാണ്. ഏറ്റുമാനൂർ മുതൽ കല്ലറ വരെയുള്ള ഭാഗം ഒരു റീച്ചായും കല്ലറ മുതൽ വെച്ചൂർ വരെയുള്ളത് രണ്ടു റീച്ചായും ടെൻഡർ ചെയ്ത് പണി പൂർത്തിയാക്കുന്നതിനു വേണ്ടി കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്ന റോഡാണ്. ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന ആവശ്യം മാത്രമേയുള്ളൂ. ഇതിനകത്ത് ഒരു വിവാദത്തിന്റെ ആവശ്യമില്ല. കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയാണ് ഏറ്റുമാനൂർ കല്ലറ വെച്ചൂർ റോഡ്. പ്രസ്തുത റോഡ് പൂർണ്ണമായും തകർന്ന് യാത്രായോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. ഏറ്റുമാനൂർ മുതൽ കല്ലറവരെയുള്ള അമ്പതു കിലോമീറ്റർ ദൂരം വീതി കൂട്ടി ടാർ ചെയ്യുന്നതിന് ടെൻഡർ വിളിച്ച് 24.2.97ന് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നതാണ്. കല്ലറ മുതൽ വെച്ചൂർവരെയുള്ള ഏഴര കിലോമീറ്റർ റോഡ് പുതിയതായി നിർമ്മിച്ച് ടാർ ചെയ്യുന്നതിന് രണ്ടു റീച്ചായി ടെൻഡർ ചെയ്തു. 96 ഫെബ്രുവരിയിൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നതാണ്. നാലു വർഷം കഴിഞ്ഞിട്ടും റോഡിന്റെ പണി പൂർത്തിയായിട്ടില്ല. ഏതാനും ഭാഗത്ത് കലിങ്ക് പണിത് മണ്ണിട്ട് ഉയർത്തുന്ന നടപടികൾ പൂർത്തിയാക്കി. അതുകൂടി വന്നപ്പോൾ ഒട്ടും യാത്ര ചെയ്യാൻ പറ്റാത്തവിധം കാര്യങ്ങൾ പോയിരിക്കുകയാണ്. ഈ റോഡിലുള്ള മുടക്കാലി പാലത്തിന്റെ ടോൾ പിരിവ് നിറുത്തി വയ്ക്കാനും മാർച്ചുമാസം 31-ാം തീയതിക്കുമുമ്പ് റോഡിന്റെ ടാറിംഗ് പൂർത്തിയാക്കാതെ മേലിൽ ടോൾ പിരിക്കരുതെന്നും ബഹു. ഹൈക്കോടതി ഇക്കഴിഞ്ഞ ജനുവരി 27-ന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എത്രയും വേഗം ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി യാത്രാ യോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, ഈ റോഡിന്റെ ഏറ്റവും കൂടുതൽ പോർഷൻ വരുന്നത് കടുത്തുരുത്തി നിയോജകമണ്ഡലത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ റോഡ് സഞ്ചാര യോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ മൂന്ന് എം.എൽ.എ.മാരും ഒരുപോലെ ആവശ്യപ്പെടുന്നതാണ്. ഈ വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിച്ച് ഈ റോഡ് എത്രയുംവേഗം സഞ്ചാര യോഗ്യമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. പി. നാരായണൻ : സർ, എന്റെ നിയോജകമണ്ഡലത്തിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. അക്കാര്യം മറച്ചുവച്ചുകൊണ്ടാണ് വെച്ചൂർ പഞ്ചായത്ത് എന്ന് ശ്രീമാൻ ചാഴികാടൻ ഉന്നയിച്ചത്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഈ വർക്ക് കാര്യമായി നടത്തുന്നതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നിരന്തരമായി ആവശ്യപ്പെട്ടിരുന്നതാണ്. അതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ നടപടി നടത്താമെന്ന് അദ്ദേഹം ഉറപ്പു നൽകിയതുമാണ്. അതു കൊണ്ട് അടിയന്തിരമായി ആ റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ റോഡിന്റെ നിർമ്മാണ ജോലികൾ സംബന്ധിച്ച് ഇപ്പോൾത്തന്നെ ധാരാളം ചർച്ചകൾ നടന്നു. പണി പൂർത്തിയാക്കാനുള്ള എല്ലാ ഏർപ്പാടുകളുമായിട്ടുണ്ട്.

(8) രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് ക്ഷേമനിധി

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കർഷകർ കഴിഞ്ഞ കുറെ കൊല്ലങ്ങളായി വമ്പിച്ച പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും 1991ൽ അധികാരത്തിൽവന്ന നരസിംഹറാവു ഗവൺമെന്റ് എടുത്ത ഉദാരവൽകരണ നയത്തിന്റെയും ഗാട്ടു കരാറിന്റെയും ഭാഗമായി കാർഷിക ഉല്പന്നങ്ങൾക്ക് വിലകിട്ടാത്തതിന്റെ ഫലമായി വന്നുചേർന്നതാണ്. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റും ആ നയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് വിദേശ കുത്തകകൾക്കും ഇൻഡ്യൻ കുത്തകകൾക്കും വേണ്ടി ആ നയം നടപ്പിലാക്കുന്നതുകൊണ്ടാണ് കാർഷിക മേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നത്. ഉല്പന്നങ്ങൾക്ക് വിലയില്ല. പിടിച്ചു നിൽക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് കർഷകരുടെ നിലപാട്. പണ്ട് കേരളത്തിലെ പ്രിയങ്കരനായ മഹാകവി വള്ളത്തോൾ പാടിയത്

സ്നേഹിതാ കർഷകാ മിഥ്യപരിഷ്ക്കാരാ
മോഹിതർക്ക് അങ്ങൊരു മോശക്കാരൻ
എന്നാൽ ഭവാനുടെ നിശബ്ദ യജ്ഞത്തിൽ
ഇന്നാണീ മന്ത്രത്തിൻ ഘോഷമെല്ലാം.

കർഷകരെപ്പറ്റി അങ്ങനെയാണ് മഹാകവി പാടിയത്. കർഷകനെപ്പറ്റി അങ്ങനെയാണ് മഹാകവി പണ്ടുകാലത്ത് വർണ്ണിച്ചത് എങ്കിലും കർഷകരെ ഇന്നത്തെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി രണ്ടു ഹെക്ടർ വരെ, അഞ്ചേക്കർവരെയുള്ള ജലസേചന സൗകര്യമുപയോഗിച്ച് കൃഷി നടത്തുന്ന കൃഷിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഡ്ജറ്റിനെപ്പറ്റിയുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമായതുകൊണ്ട്, മറ്റെല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധിയുണ്ട്. പക്ഷെ നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷിക്കാരെ സഹായിക്കാനുള്ള ഫലപ്രദമായ ഒരു നടപടിയുമില്ല. നേരത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു നടപടി കൊണ്ടുവന്നു. പക്ഷെ അത് ഇന്ന് എവിടെയുമില്ല. അത് യഥാർത്ഥത്തിൽ കൃഷിക്കാരെ പറ്റിക്കാനുള്ള ഒരു നടപടിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. മാസത്തിൽ ഒരു നിശ്ചിത തുക കിട്ടത്തക്കവിധത്തിൽ കൃഷിക്കാരന്റെ കൂടെ പങ്കാളിത്തത്തോടുകൂടി ഒരു ക്ഷേമനിധി ഏർപ്പെടുത്തണം. രാജ്യത്തെ മണ്ണിൽ അധ്വാനിക്കുന്ന കർഷകന് സംരക്ഷണം കിട്ടത്തക്കവിധത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കൃഷിക്കാരെ നശിപ്പിക്കുന്ന നയത്തിന്റെ കെടുതയിൽനിന്നും കേരളത്തിലെ ചെറുകിട ഇടത്തരം കൃഷിക്കാരെ രക്ഷിക്കത്തക്കവിധത്തിലുള്ള ഒരു ക്ഷേമനിധി പ്രഖ്യാപിക്കണം. അങ്ങനെ കൃഷിക്കാരെ രക്ഷിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly